"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി (ജി.സി.ഡി.എ) - കൊച്ചി നഗരസഭാ പരിധിയിലുള്ള ജി.സി.ഡി.എ വക 70 സെന്റ് സ്ഥലത്ത് പ്രീഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ച് FACT - RCF Building Products Ltd (FRBL) എന്ന കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനം മുഖേന ഭവന സമുച്ചയം നിർമ്മിച്ച് പി & റ്റി കോളനിയിലെ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിന് ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് പുറപ്പെടുവിച്ച ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

G.O.(Rt)No.493/2020/LSGD തീയതി,തിരുവനന്തപുരം, 27/02/2020

---

പരാമർശം:- 1 സ.ഉ(സാധാ)നം.2862/2018/ത.സ്വ.ഭ.വ തീയതി, 08.11.2018.

2 സ.ഉ(സാധാ)നം.1454/2019/ത.സ്വ.ഭ.വ തീയതി, 11.07.2019.

3 സ.ഉ(പി)നം.77/2019/ധന തീയതി 04.07.2019.

4 സ.ഉ(സാധാ)നം.1926/2019/ത.സ്വ.ഭ.വ തീയതി, 14.09.2019.

5 ജി.സി.ഡി.എ സെക്രട്ടറിയുടെ 07.08.2019 ലെ 9947/ഇ1/2018/ജി.സി.ഡി.എ നമ്പർ കത്ത്.

6 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറിന്റെ 31.08.2019 ലെ എൽ.എം./ഇ.ഡബ്ല്യു/ജി.സി.ഡി.എ/2018 നമ്പർ കത്ത്.

7 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 17.02.2020 ലെ എൽ.എം./ഇ.ഡബ്ല്യു/ജി.സി.ഡി.എ/2018 നമ്പർ കത്ത്.

**ഉത്തരവ്**

സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി, കൊച്ചി നഗരസഭ പരിധിയിലുള്ള

രാമേശ്വരം വില്ലേജിലെ സർവ്വേ നം. 485, 488 എന്നിവയിലുൾപ്പെട്ട വിശാല കൊച്ചി വികസന അതോറിറ്റി (ജി.സി.ഡി.എ) വക 70 സെന്റ് സ്ഥലത്ത് രണ്ട് ബ്ലോക്കുകളിൽ നാലു നിലകളിലായി 88 ഭവനങ്ങൾ ഉൾക്കൊള്ളുന്ന ഭവന സമുച്ചയം നിർമ്മിച്ച് കൊച്ചി പി & റ്റി കോളനിയിലെ 85 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് ടി ഭൂമിയുടെ ഉടമസ്ഥത ജി.സി.ഡി.എ യിൽ നിലനിർത്തി ഭവന സമുച്ചയം നിർമ്മിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

2. മേൽ പദ്ധതിക്ക് വിശാല കൊച്ചി വികസന അതോറിറ്റി (ജി.സി.ഡി.എ) സമർപ്പിച്ച 15,84,50,000/- (പതിനഞ്ച് കോടി എൺപത്തിനാല് ലക്ഷത്തി അൻപതിനായിരം) രൂപയുടെ പ്രപ്പോസലിന് ഭരണാനുമതി നൽകുകയും . ജി.സി.ഡി.എ യുടെ എഞ്ചിനീയറിംഗ് പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകുന്ന അതേ നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട് ഈ പദ്ധതിക്ക് സാങ്കേതികാനുമതി നൽകേണ്ടതാണെന്നും നിർദ്ദേശിച്ചുകൊണ്ടു പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു .

3. Glass Fibre Gypsum Board Panel ഉപയോഗിച്ചുള്ള നിർമ്മാണം പരിഗണിക്കണമെന്ന സർക്കാർ നിർദ്ദേശം ഉള്ളതിനാൽ പരാമർശം (3) ലെ ഉത്തരവ് പ്രകാരം Accredited Agency കളുടെ ലിസ്റ്റിൽ ഉൾപ്പെട്ട FACT - RCF Building Products Ltd (FRBL) നെ മേൽ പ്രവൃത്തിയുടെ നിർമ്മാണ ചുമതല ഏൽപ്പിക്കുകയും പരാമർശം (4) പ്രകാരം FRBL മുഖേന പ്രീ ഫാബ് ടെക്നോളജി (GFRG Pannel) ഉപയോഗിച്ചുള്ള നിർമ്മാണത്തിന് സാങ്കേതികാനുമതി നൽകുന്നതിന് ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് കൊണ്ടും ഉത്തരവായിരുന്നു.

5. എന്നാൽ സാങ്കേതികാനുമതിക്കുള്ള നടപടികൾ പുരോഗമിക്കവേ സാമ്പത്തിക ബാധ്യത സംബന്ധിച്ച നിയമ നടപടികൾ നേരിടുന്നതിനാൽ കൺസൾട്ടന്റായി തുടരാനുള്ള അസൗകര്യം M/s. FRBL, GCDAയെ അറിച്ചിരുന്നു. തുടർന്ന് TDLCCS നെ കൺസൾട്ടന്റായി നിയമിക്കുവാനും GFRG സാങ്കേതികവിദ്യക്ക് പകരം ലൈഫ് മിഷൻ പൈലറ്റ് ഭവന സമുച്ചയങ്ങൾക്ക് സ്വീകരിച്ചിട്ടുള്ള Light Gauge Steel Frame (LGSF) ടെക്നോളജി ഉപയോഗിക്കുവാൻ. GCDA അനുമതി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണത്തിന്റെ ഡിസൈൻ IIT തുടങ്ങിയ സ്ഥാപനങ്ങളെ കൊണ്ട് ഗുണനിലവാരം ഉറപ്പാക്കണമെന്ന നിബന്ധനയോടും കൂടി നടപടി ക്രമങ്ങൾ പാലിച്ച് M/s. TDLCCSനെ കൺസൾട്ടന്റായി നിയമിക്കുന്നതിനും ലൈഫ് മിഷൻ അനുമതി നൽകി.

6. ഈ സാഹചര്യത്തിൽ ഭവന സമുച്ചയത്തിന്റെ സാങ്കേതികവിദ്യ GFRG ഒഴിവാക്കി LGSF ടെക്നോളജിയിലേക്ക് മാറിയതിനാൽ നിലവിലുള്ള ടെക്നിക്കൽ കമ്മിറ്റിയിൽ നിന്നും GFRG സാങ്കേതിക വിദഗ്ധൻ ശ്രീ ബിനീഷ്, ഡെപ്യൂട്ടി പ്രോജക്ട് മാനേജർ, FRBL നെ ഒഴിവാക്കി ശ്രീ. എൻ. അജയകുമാർ, സിവിൽ എഞ്ചിനീയർ, ലൈഫ് മിഷനെ ഉൾപ്പെടുത്തിക്കൊണ്ടു പരാമർശം (4) ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകണമെന്ന ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (7) പ്രകാരം

ആവശ്യപ്പെട്ടുകയുണ്ടായി

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. GCDA വിഭാവനം ചെയ്തിരുന്ന എറണാകുളം ജില്ലയിലെ ഭവന സമുച്ചയത്തിന്റെ സാങ്കേതികവിദ്യ GFRG ഒഴിവാക്കി LGSF ടെക്നോളജിയിലേക്ക് മാറിയ സാഹചര്യത്തിൽ GCDA വിഭാവനം ചെയ്തിരുന്ന എറണാകുളം ജില്ലയിലെ ലൈഫ് ഭവന സമുച്ചയത്തിന്റെ ടെക്നിക്കൽ കമ്മിറ്റിയിൽ നിന്നും GFRG സാങ്കേതിക വിദഗ്ധൻ ശ്രീ ബിനീഷ്, ഡെപ്യൂട്ടി പ്രോജക്ട് മാനേജർ, FRBL നെ ഒഴിവാക്കി, ശ്രീ. എൻ. അജയകുമാർ, സിവിൽ എഞ്ചിനീയർ, ലൈഫ് മിഷനെ ഉൾപ്പെടുത്തിക്കൊണ്ടു പരാമർശം (4) ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PATSY STEPHEN

JOINT SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.

ചെയർമാൻ, വിശാല കൊച്ചി വികസന അതോറിറ്റി, കൊച്ചി.

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി, കൊച്ചി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

വ്യക്തികൾക്ക് ( ലൈഫ് മിഷൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുഖേന).

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എസ്.എ), കേരളം, തിരുവനന്തപുരം.

## File No.LSGD-DB1/299/2019-LSGD

ധനകാര്യവകുപ്പ്

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎയ്ക്ക്.

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്.